II. ശ്രദ്ധ ക്ഷണിക്കൽ

കാസർകോട് സബ്കോടതി മാറ്റുന്നത് സംബന്ധിച്ച്

Shri M. Ramappa: Sir, It is reported that there is a move on the part of the Government to transfer the Subordinate Judge's Court now functioning in Kasaragod. That is a Court which has been functioning therefor the last 22 years i.e., since 1-1-1957. I do not find any valid reason for this move on the part of the Government, especially when all the people of this area are clamouring for additional facilities. It is learned that the move has come from the part of the Government and I also learn that the High Court is not in favour of this move.

9.30 A.M.]

That area is an area of linguistic minorities. So naturally this move on the part of the Government is not appreciable. I don't want the Government to disturb the sensitive feelings of the people of that area. Before the States re-organisation, the Subordinate Judge's Court for Kasaragod was functioning at Mangalore because that was part of south Canara then. After the States re-organisation for about one year, the Subordinate Judge's Court was functioning at Tellicherry. After many a representation and pressure it was moved to Kasaragode. Kasaragod is the most central place, as it is about 20 miles from the northern border of Talappady and almost the same distance from the southern side of Thrikkarpur—it's jurisdiction. There are two Munsiffs' Court at Kasaragod and so naturally this Subordinate Judge's Court has enough work there. Under these circumstances I don't think, this move on the part of the Government is just. Further when the move comes up from the Government, I feel, at least the local representatives should have been consulted and this, the Government considered not necessary. Hence I request the Government to desist from this move and not to yield to any pressure from whatevercorner it may come. So I want an assurance from the Government that the existing facilities of the people of the northern tip of the State will not be denied; the existing facility will be continued hereafter and no room will be given for any agitation on the part of the people. I want an assurance from the Government in this regard.

ആഭ്യന്തരമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ വിഷയത്തിൽ ഗവൺമെന്റിനു യൂണിലാറ്ററലായിട്ടുള്ള നിർബ്ബന്ധമോ പിടിവാശിയോ ഇല്ല. സംഭവിച്ചത് ഇതു മാത്രമാണ്. ഹോസ്ദുർഗ്ഗിലെ ബാർ അസോസിയേഷൻ കാഞ്ഞങ്ങാട്ടു പുതിയതായി ഒരു സബ് കോടതി സ്ഥാപിക്കണമെന്നും അതിനു സാദ്ധ്യതയില്ലെങ്കിൽ കാസർകോട്ടുള്ള സബ് കോടതി ഷിഫ്റ്റ് ചെയ്താലും വേണ്ടില്ല എന്നും ആവശ്യപ്പെട്ടു. അവരുടെ ജനപ്രതിനിധി മെമ്മോറാണ്ടം നൽകി. ഏതു മെമ്മോറാണ്ടം തന്നാലും പരിശോധിക്കണം. ഡെപ്യൂട്ടേഷനായി വന്ന് ഉത്തരവാദിത്വത്തോടുകൂടി മെമ്മോറാണ്ടംതന്നപ്പോൾ അതു ഗവൺമെന്റു പരിശോധിച്ചു. അതോടൊപ്പം ഹൈക്കോടതിയുടെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ അഭിപ്രായം കിട്ടിയിട്ടില്ല. കാസർകോട്ടെ ജനങ്ങളുടെവികാരങ്ങൾ ഗവൺമെന്റു മനസ്സിലാക്കുന്നു. അവിടെയുള്ള ജനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദനാർഹമായ ബാർ അസോസിയേഷനും ഈ സംരംഭത്തെ സ്വാഗതം ചെയ്യുമെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പറുടെ വികാരങ്ങൾ ഞാൻ മനസ്സിലാക്കുന്നു. ഒരു അഷ്വറൻസ് മാത്രമേ പറയാൻ കഴിയൂ: ഗവൺമെൻറിന് ഇക്കാര്യത്തിൽ നിർബന്ധബുദ്ധിയില്ല. ഹൈക്കോടതിയുടെ അഭിപ്രായം വരട്ടെ. ഏതായാലും ഹൈക്കോടതിയുടെ അഭിപ്രായം വച്ചേ തീരുമാനമുണ്ടാവുകയുള്ളൂ. ഗവൺമെൻറിന് ഒറ്റയ്ക്കു പിടിവാശിയൊന്നുമില്ല.

III. റിപ്പോർട്ടു സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എം. കെ. കൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴാം റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

(2) പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ പന്ത്രണ്ടാം റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

IV. പ്രസ്താവന

ശ്രീ. പി. പി. എസ്തോസ് ചെയ്ത പ്രസ്താവന

ശ്രീ. പി. പി. എസ്തോസ്: സർ, ഒരു സബ്മിഷൻ: ചോദ്യോത്തരസമയത്തു ദുരുദ്ദേശപരമായ ലക്ഷ്യത്തോടും ഉദ്ദേശത്തോടും കൂടി ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയോടുള്ള ചോദ്യമായിട്ട് ശ്രീമാൻ സി.എ. കുര്യൻ ഒരു കാര്യം പറഞ്ഞു. സർ, എന്റെ ചോദ്യം ഇതായിരുന്നു: ഹൈക്കോടതിയിൽ, അംഗീകൃതയൂണിയനുകളുമായി ഉണ്ടാക്കിയിട്ടുള്ള എഗ്രിമെൻറു തടസ്സപ്പെടുത്താതിരിക്കാൻ വേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുമോ? തടസ്സപ്പെടുത്തി കോടതിയിൽവച്ചു കാലതാമസം വരുത്താതെ—ഇവരുന്നയിച്ചിട്ടുള്ള കാര്യത്തിൽ വല്ലതും ഗവൺമെൻറിനു പറയാനുണ്ടെങ്കിൽ പറഞ്ഞുകൊണ്ട്, കോടതിക്കു പുറത്തു വെച്ചോ കോടതിയിൽവെച്ചോ പറഞ്ഞ്, ഈ എഗ്രിമെൻറു സംബന്ധിച്ച് ഇനി തടസ്സം വരാതെ നടപടി സ്വീകരിക്കുമോ—അതായിരുന്നു എന്റെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സംശയകരമായ ഒരു മറുപടിയിൽ നിന്നാണ് അത് ഉൽഘോഷിച്ചത്. ശ്രീമാൻ സി. എ. കുര്യൻ രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടിയാണ് ഇത്തരത്തിലുള്ള ആരോപണങ്ങളുന്നയിച്ചത്. ആ ആരോപണം മലയിൽ മാത്രമല്ലാതെ വിവേകമുള്ള ജനങ്ങളുടെ മുമ്പിൽ വിലപ്പോകുകയില്ലെന്നുള്ളതും, സി. എ. കുര്യന്റെ നില എന്താണെന്നുള്ളതും ഈ രാജ്യത്തുള്ള എല്ലാവർക്കുമറിയാം. ഈ വിധത്തിലുള്ള ആരോപണങ്ങളെ ഞാൻ ശക്തിയായി നിഷേധിക്കുന്നു.

ശ്രീ. സി. എ. കുര്യൻ: എന്നെ തിരഞ്ഞെടുത്ത ഇടുക്കിയിലെ പാവപ്പെട്ട ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണു സർ, മലയിലെ....

മി. സ്പീക്കർ: ആർഡർ, ആർഡർ.

LIBRARY ARCHIVES Kerala Legislative Assembly